കുഞ്ഞുമോൾ ബെന്നി

# ജുക്കാലി തെരുവിലെ മിന്നായി



ജുക്കാലി തെരുവിൽ താമസിക്കുന്ന മിന്നായിക്ക് നീലം ഉണ്ടാക്കി വിൽക്കലാണ് പണി..അതിരാവിലെ മിന്നായി എഴുന്നേറ്റ് ഗ്രാമത്തിനടുത്തുള്ള കുറ്റിക്കാട്ടിലേയ്ക്ക് പോകും.. അവിടെ നീലം ചെടികളുടെ വിളഞ്ഞ കായ്കൾ പറിച്ചെടുത്ത് വെയിലിലുണക്കി തന്റെ മരച്ചക്കിലിട്ടു പൊടിച്ച് നല്ല ഭസ്മം പോലെയാക്കും..പിന്നീട് ഉണങ്ങിയ വാഴയിലയിൽ പൊതിഞ്ഞെടുത്ത് കുട്ടയിലാക്കി പട്ടണത്തിൽ കൊണ്ടുചെന്ന് വീടുകളിൽ കയറിയിറങ്ങി കൊടുക്കും.

പട്ടണവാസികളല്ലേ..അവർക്ക് സൂപ്പർ മാർക്കറ്റിൽ നിന്ന് പുതിയതരം നീലം കിട്ടുന്നതുകൊണ്ട് അവരിൽ മിക്കവരും തന്നെ മിന്നായിയുടെ നീലം വാങ്ങാറില്ല..മുതിർന്നവരായ ചില പഴമക്കാർ വാങ്ങിയാലായി 'അങ്ങനെ ഞെങ്ങിഞെരുങ്ങി പകുതി പട്ടിണിയിലാണ് മിന്നായി തന്റെ ജീവിതം തള്ളിനീക്കുന്നത്. ഒരുദിവസം മിന്നായി നീലംകുട്ട തലയിലേന്തി പട്ടണത്തിലേയ്ക്കുള്ള പാലം കയറുകയായിരുന്നു'

പുന്നപ്ര വയലാർ സമരത്തെ ആസ്പദമാക്കി തകഴി രചിച്ച കഥ– തലയോട്

മിന്നായിയുടെ ഗ്രാമത്തേയും പട്ടണത്തേയും വേർതിരിച്ചുകൊണ്ട് പാപ്പാത്തിപുഴ ഒഴുകുന്നുണ്ട്..അതിനുമീതേയുള്ള തടിപ്പാലം കടന്ന് തങ്ങളുടെ വീടുകളിലേയ്ക്ക് തലയിൽ കുട്ടയുമായി വരുന്ന മിന്നായിയെ കാണുന്നത് പട്ടണവാസികളായ കുട്ടികൾക്ക് കൗതുകമാണ്..

കുട്ടികൾ നോക്കി നിൽക്കേ പെട്ടന്ന് മിന്നായി കാൽവഴുതി പുഴയിലേയ്ക്ക് വീണു..അവന്റെ നീലമെല്ലാം ആ പുഴവെള്ളത്തിൽ കലങ്ങി ഒഴുകി പോയിരുന്നു..കരയിൽ കയറിയിരുന്ന് കരയുന്ന മിന്നായിയെ കണ്ട് കുട്ടികൾക്ക് സങ്കടമായി. അവർ കുറേ നേരം മിന്നായിയെ നോക്കിയിരുന്നു.. പെട്ടന്ന് കുട്ടികളിലൊരാളായ നിക്കി പറഞ്ഞു..നമുക്ക് നമ്മുടെ പോക്കറ്റ് മണി ഉപയോഗിച്ച് ഈ മിന്നായിയെ ഒന്നുസഹായിച്ചാലോ..ഐഡിയ.. അവർ വേഗം വീടുകളിലേയ്ക്ക് ഓടിപ്പോയി..കൈയ്യിലുണ്ടായിരുന്ന പോക്കറ്റ് മണി എടുത്തുകൊണ്ടുവന്നു.. ആകെ മുന്നൂറ് രൂപയുണ്ടായിരുന്നു..കുട്ടികൾ വേഗം സുബൈർ ഇക്കയുടെ ബേക്കറിയിലേയ്ക്കോടി..

മിന്നായിയെ സഹായിക്കാനാണെന്ന് കേട്ടപ്പോൾ നല്ലവനായ സുബൈറിക്ക 6 രൂപ വില വരുന്ന വടകൾ മുന്നു രൂപ പ്രകാരം അവർക്ക് നൽകി.. അങ്ങനെ കിട്ടിയ നൂറ് വടകളുമായി കുട്ടികൾ മിന്നായിയുടെ അടുക്കലെത്തി.. അവ കൊണ്ടുനടന്ന് വീടുകളിൽ വിൽക്കാൻ അവർ അമിന്നായിയോട് പറഞ്ഞു. മിന്നായി എഴുന്നേറ്റ് വീടുവീടാനന്തരം കയറിയിറങ്ങി വടകൾ വിൽക്കാൻ തുടങ്ങി. നോക്കണേ ചൂടപ്പം പോലെ മിന്നായിയുടെ ചൂടുവടകൾ വിറ്റുതീർന്നു..അവന് അറുന്നൂ രൂപ ലഭിച്ചു..നിക്കിയും കൂട്ടരും തന്ന മുന്നൂറ് രൂപ തിരികെ കൊടുത്തപ്പോൾ കുട്ടികൾ പറഞ്ഞു.. വേണ്ട മിന്നായി നീ നാളെ മുതൽ ഈ നീലം കൊണ്ടു നടന്ന് അലയേണ്ട.. ഈ പണം കൊണ്ട് ഒരു ചെറുപലഹാരമുണ്ടാക്കി പട്ടണത്തിൽ കൊണ്ടുനടന്നു വിൽക്കുക..

അന്നുമുതൽ മിന്നായി തന്റെ കച്ചവടം തുടങ്ങി.. ഏറെനാൾ കഴിയേണ്ടി വന്നില്ല ജൂക്കാലിത്തെരുവിൽ ഒരുപലഹാരകട തുടങ്ങാനും അങ്ങനെ തന്റെ ജീവിതം ഒന്നു മിനുക്കിയെടുക്കാനും മിന്നായിക്കു കഴിഞ്ഞു 'ഒരവധി ദിവസം മിന്നായിയുടെ ക്ഷണം സ്വീകരിച്ച് പട്ടണവാസികളായ കൂട്ടുകാർ മിന്നായിയുടെ കടയിലെത്തി.. മിന്നായി ഓടിച്ചെന്ന് തന്റെ വഴികാട്ടികളായ കൊച്ചുകൂട്ടുകാരെ സന്തോഷത്തോടെ കെട്ടിപ്പിടിച്ചു. വയർ നിറയെ മധുരപലഹാരങ്ങൾ കഴിച്ച് നിക്കിയും കൂട്ടുകാരും മിന്നായിയോടൊപ്പം അന്നേദിവസം കളിച്ചുരസിച്ചു.

# പൂക്കാലം

**അസുരമംഗലം വിജയകുമാർ**



വല്ലികൾ തോറും പൂങ്കുലയേന്തി
വന്നൂ പുത്തൻ പൂക്കാലം
നല്ലൊരു തുള്ളി തേനുണ്ണാനായ്
ചെല്ലക്കുരുവീ വേഗം വാ...
പുല്ലാങ്കുഴലിൽ പാടി രസിക്കാൻ
പുള്ളിക്കുയിലേ നീയും വാ...